©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 സെപ്റ്റംബർ 25<br>25th September 2018<br>1194 കന്നി 9<br>9th Kanni 1194<br>1940 ആശ്വിനം 3<br>3rd Aswina 1940 | നമ്പർ<br>No. | 38 |

# PART III

# Industries Department

### പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആന്റ് വ്യവസായ സഹകരണസംഘം രജിസ്ട്രാറുടെ നടപടിക്രമം

(ഹാജർ : രാജ്മോഹൻ, ജി.)

നമ്പർ വി1/154/1996. 2018 ആഗസ്റ്റ് 23.

വിഷയം:—വ്യവസായം—നാഗലശ്ശേരി ആർട്ടിസാൻസ് ICS Ltd. No. C IND (P) 28 നാഗലശ്ശേരി, ഒറ്റപ്പാലം, പാലക്കാട് രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

വായന:—(1) 10-7-2018-ലെ സംഘം ലിക്വിഡേറ്ററുടെ ലിക്വിഡേഷൻ/നാഗലശ്ശേരി ICS/2018 നമ്പർ കത്ത്.

(2) 16-12-2002-ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്.

(3) 26-3-2003-ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്.

(4) 17-12-2008-ലെ ജൂനിയർ വ്യവസായ സഹകരണ ഇൻസ്പെക്ടർ ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാടിൽ നിന്നുള്ള കത്ത്.

നാഗലശ്ശേരി ആർട്ടിസാൻസ് ICS Ltd. No. C IND (P) 28 നാഗലശ്ശേരി, ഒറ്റപ്പാലം, പാലക്കാട് എന്ന സംഘം 24-2-1964-ൽ രജിസ്റ്റർ ചെയ്ത് 4-7-1964-ൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സഹകരണ സംഘമാണ്. സംഘം പ്രവർത്തനരഹിതമായതിനാൽ 18-1-1996-ൽ സെക്ഷൻ 65 അന്വേഷണത്തിന് ഉത്തരവിടുകയും പരാമർശം (3) പ്രകാരം സംഘം ലിക്വിഡേഷനിലാവുകയും ചെയ്തു. സംഘം വർഷങ്ങളായി പ്രവർത്തനരഹിതമാണെന്നും സംഘത്തിന്റെ റിക്കാർഡുകൾ ഒന്നുംതന്നെ കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും സംഘം ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം (Record not available) റിക്കാർഡുകൾ ഒന്നും ഇല്ല എന്ന പട്ടികയിൽ ഉൾപ്പെട്ടതാണ്.

സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമം ആക്ട് 21, ചട്ടം 69 പ്രകാരം 15-5-2018-ലെ 20-ാം നമ്പർ കേരള ഗസറ്റിൽ ക്ലെയിം നോട്ടീസ് പരസ്യപ്പെടുത്തി. എന്നാൽ ആരും തന്നെ പരാതിയോ അവകാശവാദമോ ഉന്നയിച്ചിട്ടില്ല. സംഘത്തിന് സർക്കാരിൽ നിന്നും ഓഹരി പങ്കാളിത്തമോ മറ്റ് സഹായങ്ങളോ ലഭിച്ചതായി രജിസ്റ്ററിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി സംഘത്തിന് നാഗലശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, കൂറ്റനാട് ജില്ലാ സഹകരണ ബാങ്ക്, എന്നിവിടങ്ങളിൽ നിന്നും സംഘത്തിന്റെ പേരിൽ അക്കൗണ്ട്/ബാധ്യത ഇല്ലെന്ന് ബാങ്ക് അധികൃതർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

സംഘത്തിന്റെ പേരിൽ പരാതിയോ അവകാശവാദമോ ഇല്ലാത്തതിനാലും സംഘത്തിന്റെ പേരിൽ ഗവൺമെന്റിനോ ജില്ലാ സഹകരണ ബാങ്കിനോ ബാദ്ധ്യതകൾ ഇല്ലാത്തതിനാലും സംഘം പ്രവർത്തനരഹിതമായതിനാലും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകേണ്ടതുണ്ട്.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ നാഗലശ്ശേരി ആർട്ടിസാൻസ് ICS Ltd. No. C IND (P) 28 നാഗലശ്ശേരി, ഒറ്റപ്പാലം, പാലക്കാട് എന്ന വ്യവസായ സഹകരണ സംഘം പ്രവർത്തനം തുടർന്ന് കൊണ്ടുപോകുവാൻ സംഘാംഗങ്ങൾക്ക് താല്പര്യമില്ലാത്തതിനാലും സംഘത്തിനെതിരെ പരാതിയോ അവകാശവാദമോ നാളിതുവരെ ആരുംതന്നെ ഉന്നയിക്കാത്തതിനാലും ടി സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം 1969 വകുപ്പ് 74 പ്രകാരം റദ്ദാക്കികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ആഫീസ്, പാലക്കാട്. ജനറൽ മാനേജർ.

## പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആന്റ് വ്യവസായ സഹകരണസംഘം രജിസ്ട്രാറുടെ നടപടിക്രമം

(ഹാജർ : രാജ്മോഹൻ, ജി.)

നമ്പർ വി1/2790/2006. 2018 ആഗസ്റ്റ് 21.

വിഷയം:—വ്യവസായം—അട്ടപ്പാടി അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് & സെയിൽസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. S.IND (P) 150, അട്ടപ്പാടി- ലിക്വിഡേറ്റർ നിയമനം—ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—21-5-2018-ലെ സീനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവസായം), താലൂക്ക് വ്യവസായ ആഫീസ്, പാലക്കാടിൽ നിന്നുള്ള SCI/IND/PKD/18 നമ്പർ കത്ത്.

അട്ടപ്പാടി ബ്ലോക്ക് പട്ടികവർഗ്ഗ അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് & സെയിൽസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. S.IND (P) 150, അട്ടപ്പാടി എന്ന സംഘം 3-5-1994-ൽ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘമാണ്. ധാന്യങ്ങളുടെ സംഭരണവും പ്രോസസിംങ്ങുമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശം. എന്നാൽ സംഘം പ്രവർത്തനം ആരംഭിച്ചിരുന്നില്ല. സംഘത്തിൽ ആദ്യ തെരഞ്ഞെടുപ്പ് നടന്നത് 28-5-2001-ൽ ആണ്. 27-5-2006-ൽ പ്രസ്തുത ഭരണസമിതിയുടെ കാലാവധി അവസാനിച്ചിരുന്നു. തുടർന്ന് 29-7-2006-ൽ സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണത്തിൻ കീഴിലായി. സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 28-2-2017-ൽ അവസാനിച്ചു. പ്രസ്തുത കമ്മിറ്റി ചാർജ്ജ് ഏറ്റെടുക്കുകയോ തെരഞ്ഞെടുപ്പ് നടത്തുകയോ ചെയ്തിട്ടില്ല.

പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, അഗളി ശാഖയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ` 7,988 നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്തൊന്നും പ്രസ്തുത അക്കൗണ്ടിൽ യാതൊരുവിധ ഇടപാടുകളും നടത്തിയിട്ടില്ല. 1998-99-ലെ ജനകീയാസൂത്രണ പദ്ധതിയിൽ 16.5 ലക്ഷം രൂപയിൽ പൂർണ്ണമായും ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് മണ്ണാർക്കാട് താലൂക്ക്, അട്ടപ്പാടി വട്ടുലക്കിയിൽ കോട്ടത്തറ വില്ലേജിൽ സർവ്വെ നം. 290/2-ൽ സംഘത്തിന്റെ പേരിൽ ഒരേക്കർ സ്ഥലം വാങ്ങുകയും സംഘം പ്രസിഡന്റ് ശ്രീ നഞ്ചന്റെ പേരിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് സംഘം യാതൊരുവിധ നിർമ്മാണവും നടത്തിയിട്ടില്ലെന്ന് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10-5-2007-ന് പ്രസ്തുത സ്ഥലം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പട്ടികവർഗ്ഗ എസ്റ്റേറ്റ് പണിയുന്നതിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുണ്ട്. 24-4-2018-ന് സംഘം മെമ്പർമാരുടെ ഒരു യോഗം വിളിച്ചു ചേർത്തെങ്കിലും ആകെ 2 പേർ മാത്രമാണ് പങ്കെടുത്തത്. സംഘം പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയും സംഘാംഗങ്ങൾക്ക് സംഘം പ്രവർത്തനവുമായി മുന്നോട്ട് പോകുന്നതിന് താൽപ്പര്യമില്ലെന്നും സംഘം ഇൻസ്പെക്ടർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ഉത്തരവ്**

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, എന്നിൽ നിക്ഷിപ്തമയ അധികാരങ്ങൾ മുൻനിർത്തി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 2(b)-യുടെ അടിസ്ഥാനത്തിൽ അട്ടപ്പാടി ബ്ലോക്ക് പട്ടികവർഗ്ഗ അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് & സെയിൽസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. S.IND (P) 150, അട്ടപ്പാടി എന്ന സംഘത്തെ സമാപ്തീകരിക്കുന്നതിനായി ജൂനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവസായം), താലൂക്ക് വ്യവസായ ഓഫീസ്, പാലക്കാടിനെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ എത്രയും പെട്ടെന്നുതന്നെ സംഘത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാകുന്നു.

സഹകരണ സംഘം (ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ) രജിസ്ട്രാർ ആന്റ്
ആഫീസ്, പാലക്കാട്. ജനറൽ മാനേജർ.